# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2389      01.04.2013-ൽ മറുപടിക്ക്

### കൊല്ലം ജില്ലയിലെ ഹോമിയോ ഡോക്ടർമാരുടെ ഒഴിവിലേക്കുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം.ഹോമിയോ ഡോക്ടർ മാരുടെ തസ്തികയിലേക്ക് കൊല്ലം ജില്ലയ്ക്കു വേണ്ടി 24.10.2009-ാം തീയതി നടത്തിയ മൽസര പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ 3-3-2010-ൽ പ്രസിദ്ധീ കരിച്ച ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നറിയിക്കാമോ ; | (എ) 27-ാമത്തെ റാങ്ക് വരെയുള്ളവർക്ക് കരാറടി സ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) ഏറ്റവും അവസാനമായി അനുബന്ധ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയത് എന്നാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) 23.02.2013 ലെ NRHM/708/Admin4/2012/ SPMSU എന്ന നമ്പരിലുള്ള ഉത്തരവിൻ പ്രകാ രമാണ് കൊല്ലം ജില്ലയുടെ ലിസ്റ്റിൽ നിന്നും അവസാനമായി നിയമനം നടത്തിയത്. |
| (സി) നിലവിൽ കൊല്ലം ജില്ലയിൽ ബന്ധപ്പെട്ട തസ്തിക ഒഴിവ് നിലനിൽക്കുന്നു എന്ന റിപ്പോർട്ട് കൊല്ലം ഡി. എം. ഒ. ആഫീസിൽ നിന്നും അധികൃതർക്ക് ലഭ്യമായിട്ടുണ്ടോ ; | (സി) 08.03.2013 ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഇമെയിൽ വഴി കരവാളൂർ താത്ക്കാലിക ഹോമിയോ ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ഓഫീസറുടെ ഒഴിവുള്ളതായി അറിയിച്ചിട്ടുണ്ട്. തപാൽ വഴി കത്ത് ലഭിച്ചിട്ടില്ല. |
| (ഡി) എങ്കിൽ എന്നാണ് ബന്ധപ്പെട്ട ഒഴിവ് റിപ്പോർട്ട് ലഭ്യമായത് എന്നറിയിക്കാമോ ; | (ഡി) 08.03.2013 -നാണ് റിപ്പോർട്ട് ലഭിച്ചത്. |
| (ഇ) നിലവിലുള്ള ജീവനക്കാർക്ക് സൗകര്യ പൂർവ്വമായ സ്ഥലംമാറ്റം ലഭ്യമാക്കുന്നതി നായി ബോധപൂർവ്വം അനുബന്ധ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാല വിളംബം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | (ഇ) സ്ഥലം മാറ്റം നൽകുന്നതിനായി നിയമന ത്തിൽ കാല വിളംബം വരുത്തിയിട്ടില്ല. അത്തരം പരാതിയൊന്നും ലഭിച്ചിട്ടില്ല. |

(....2)

| | | | |
|---|---|---|---|
| (എഫ്) | ഇല്ലായെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൻ മേൽ ഒരന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ; | (എഫ്) | പുതിയതായി നടത്തിയ എഴുത്തുപരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുമോ എന്ന് പരിശോധിച്ച് വരികയാണ്. |
| (ജി) | ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെട്ട തസ്തികയി ലേയ്ക്ക് എന്നതേയ്ക്ക് ബന്ധപ്പെട്ട നിലവിലുള്ള എൻ. ആർ. എച്ച്. എം. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയും എന്നറിയിക്കുമോ ; | (ജി) | പുതിയതായി നടത്തിയ എഴുത്തുപരീക്ഷയിൽ പങ്കെടുത്തവരുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ പഴയ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുമോ എന്നതിന്റെ നിയമവശം പരിശോധിച്ച് ഉടൻ തന്നെ തീർപ്പാക്കുന്നതാണ്. |
| (എച്ച്) | നിലവിലുള്ള എൻ. ആർ. എച്ച്. എം. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതു മായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കോടതി ഉത്തരവ് നിലനിൽക്കുന്നുണ്ടോ ; | (എച്ച്) | ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. |
| (ഐ) | എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഐ) | പകർപ്പ് ലഭിച്ചിട്ടില്ല. |
| (ജെ) | ബന്ധപ്പെട്ട കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കിട്ടുണ്ടോ ; | (ജെ) | കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നതാണ്. |
| (കെ) | ഇല്ലായെങ്കിൽ അത്തരമൊരു അന്വേഷണം നടത്തി വീഴ്ച വരുത്തിയിട്ടുള്ള ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ? | (കെ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ